കോളേജ് കണ്ടെത്തണം. അതനുസരിച്ച് പഠനത്തിന് സഹായംവേണ്ട മാർക്ക് കുറവുള്ള അമ്പത് വിദ്യാർത്ഥികളെ കണ്ടെത്തുന്നു. ഇംഗ്ലീഷിന് പത്ത് കുട്ടികളെയും മറ്റ് അഞ്ച് വിഷയങ്ങൾക്കോരോന്നിനും എട്ട് വീതം കുട്ടികളെയുമാണ് കണ്ടെത്തുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന അമ്പത് വിദ്യാർത്ഥികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഒരു വർഷം ഒരു വിഷയത്തിൽ ഇരുപത് മണിക്കൂർ വീതം ആറ് വിഷയങ്ങൾക്ക് പരമാവധി നൂറ്റിയിരുപത് മണിക്കൂർവരെ പദ്ധതിപ്രകാരം സഹായം നൽകാം. വിദ്യാർത്ഥികൾക്ക് വ്യക്തിപരമായ ശ്രദ്ധ ലഭിക്കുന്നതിന് ഓരോ വിഷയത്തിലും ഉള്ള കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ ക്ലാസ്സുകൾ വഴി വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറെടുപ്പ് നടത്താൻ വേണ്ട സഹായം നൽകാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ക്വസ്റ്റ്യൻ ബാങ്ക് വിതരണം, പൊതുവായ ചില വിഷയങ്ങളെപ്പറ്റിയുള്ള ക്ലാസ്സുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. സർവ്വകലാശാലാ പരീക്ഷാ മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കി വിശദമായ ഉത്തരസൂചികകളോടൊപ്പം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു. ഇതൊക്കെയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. പദ്ധതി നടത്തിപ്പിൽനിന്നും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പ്രകടനം യൂണിവേഴ്സിറ്റിതല പരീക്ഷകളിൽ കാഴ്ചവയ്ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 2012-13 വർഷം ഒരു പൈലറ്റ് പദ്ധതി എന്ന രീതിയിൽ സർക്കാർ കോളേജുകളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയത്. 2013-14 വർഷം 45 എയ്ഡഡ് കോളേജുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 വർഷം 148 എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

പനമ്പള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ നാക്-ന്റെ അക്രെഡിറ്റേഷൻ വിസിറ്റ്

2 (1055) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ ചാലക്കുടി പനമ്പള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഈ വർഷം നാക്-ന്റെ അക്രെഡിറ്റേഷൻ വിസിറ്റ് നടന്നതിന്റെ പശ്ചാത്തലത്തിൽ എം.എ. ഇംഗ്ലീഷ്, എം.എസ്.സി. ഫിസിക്സ്, എം.കോം. ഫൈനാൻസ്, എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾ അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചാലക്കുടി പനമ്പള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ യു.ജി.സി. സഹായത്തോടെ 58 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച വനിതാ ഹോസ്റ്റൽ, നിർമ്മാണം പൂർത്തീകരിച്ച് ഒരു വർഷം കഴിഞ്ഞിട്ടും, ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കാത്തതുമൂലം സുഗമമായി പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യമുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കാവുന്നതാണ്.

(ബി&സി) നിലവിലെ സാമ്പത്തിക നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിൽ ഇപ്പോൾ തസ്തിക സൃഷ്ടിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ചാലക്കുടി പി.എം. ഗവൺമെന്റ് കോളേജ് വനിതാ ഹോസ്റ്റൽ നടത്തിപ്പിനായി ദിവസവേതന വ്യവസ്ഥയിൽ kudumbasree/Ex-men services organisations-ന്റെ സേവനം ലഭ്യമാക്കേണ്ടതാണെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ വിഷയത്തിൽ പഠന സംവിധാനം ഏർപ്പെടുത്തുവാൻ നടപടി

3 (1056) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ എന്ന വിഷയം ഇന്ത്യൻ സിവിൽ സർവ്വീസ് പരീക്ഷയുമായി ബന്ധപ്പെട്ട് ധാരാളം വിദ്യാർത്ഥികൾ പഠനവിധേയമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർവ്വകലാശാലകളിൽ പ്രസ്തുത വിഷയത്തിൽ പഠന സംവിധാനം നിലവിലില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയത്തിൽ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതായി യൂണിവേഴ്സിറ്റികളിൽ പ്രത്യേകം ഡിപ്പാർട്ട്മെന്റുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൂടി ആരംഭിക്കുന്ന പശ്ചാത്തലത്തിൽ ഇതിനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി - ഡി) ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly